കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

### മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

### ഓഡിറ്റ് റിപ്പോർട്ട്
### 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി8-1515/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി – 31.12.2016
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്- 2015 - 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി8-1515/16 തീയതി. 31.12.2016

# ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്

# 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.07.2015 മുതൽ 7.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 7.12.2016 മുതൽ 17.12.2016 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. വി.രാജശ്രീ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1<br>2 | ശ്രീ. സത്യനേശൻ. പി.വി<br>ശ്രീമതി.ഇന്ദിര തിലകൻ | 01.04.2015 മുതൽ 30.10.2015 വരെ<br>19.11.2015 മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1<br>2 | ശ്രീ . സി.കെ ഷിബു<br>ശ്രീ.വി.വി.ബോബൻ | 01.04.2015 മുതൽ 29.08.2015 വരെ<br>30.08.2015 മുതൽ 31.03.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ഷീല സുരേഷ്<br>ശ്രീ.ലൈജു | 01.04.2015 മുതൽ 30.10.2015 വരെ<br>09.12.2015 മുതൽ 31.03.2016 വരെ |
| 2 | വികസന കാര്യം | ശ്രീ.സി.എസ്. ബാബു<br>ശ്രീമതി. സിസിലി | 01.04.2015 മുതൽ 30.10.2015വരെ<br>9.12.2015 മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. കല<br>ശ്രീമതി. കെ. എസ്. ജയ<br>ശ്രീമതി.ജയ മോഹൻ | 01.04.2015 മുതൽ 31.05.2015വരെ<br>01.06.2015 മുതൽ 30.10.2015വരെ<br>9.12.2015 മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീമതി.എം. ജി. പ്രസന്ന<br>ശ്രീമതി. കല | 01.04.2015 മുതൽ 30.10.2015വരെ<br>9.12.2015 മുതൽ 31.03.2016 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ഇന്ദു | 01.04.2015മുതൽ 31.03.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. മേരി ലിഷി | 01.04.2015മുതൽ 31.03.2016വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അന്നമ്മ. | 01.04.2015മുതൽ 31.03.2016വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. സജിത്ത്കുമാർ<br>ഡോ.വിശ്വകല | 01.04.2015 മുതൽ 31.08.2015വരെ<br>01.09.2015 മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനിതാകുമാരി.എ.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| 6 | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.കൃഷ്ണ<br>ശ്രീമതി.ലീന ഡെന്നിസ് | 01.04.2014 മുതൽ 31.05.2015 വരെ<br>01.06.2015 മുതൽ 31.03.2016 വരെ |
| 7 | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ് | ശ്രീ.സജീവ് കെ<br>ശ്രീമതി.ബീമാബീവി | 01.04.2015 മുതൽ 04.06.2015 വരെ<br>05.06.2015 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.കീർത്തി മാധവ്. എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സജിത്ത് രാജ് | 01.04.2015 മുതൽ 31.03.2016 വരെ |
| | | ശ്രീ.ഗോപൻ | 01.04.2015 മുതൽ 31.03.2016 വരെ |
| | | ശ്രീ.അനിൽ | 01.04.2015 മുതൽ 31.03.2016 വരെ |
| 11 | ക്ഷീര വികസന ഓഫീസർ | ശ്രീ.സുനിൽകുമാർ എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിപിനചന്ദ്രൻ പി.എസ് | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11 വരെ |
| | ഭാഗം 2 | |
| 2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 2-1 |
| 3 | സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല. | 2-2 |
| 4 | പഞ്ചായത്തിന്റെ തനത് ഫണ്ടിന് പലിശ ലഭിക്കാത്തത് സംബന്ധിച്ച്. | 2-3 |
| | ഭാഗം 3 | |
| 5 | കന്നുകുട്ടി പരിപാലന പദ്ധതി-ശേഷിച്ച തുകയുടെ തിരിച്ചടവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-1 |
| 6 | പകർച്ചവ്യാധി പ്രതിരോധം ചെലവുരേഖകൾ ലഭ്യമാക്കിയില്ല | 3-2 |
| 7 | പദ്ധതിയനുസരിച്ചല്ലാതെ നിർവ്വഹണം നടത്തിയതിലൂടെ അധികച്ചെലവ് | 3-3 |
| 8 | ആസ്മ ക്ലിനിക് - ചെലവുരേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 9 | മരുന്നിന് അധിക നിരക്ക് നൽകിയത് മൂലം അധികച്ചെലവ് | 3-5 |
| 10 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുവാങ്ങൽ നടത്തി | 3-6 |
| 11 | ഇ-മാരാരി -കമ്പ്യൂട്ടർ സാക്ഷരത –അപാകതകൾ | 3-7 |

| | | |
|---|---|---|
| 12 | അറിവിടം -- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 13 | കാൻസർ നിർണ്ണയ പരിപാടി- അനുബന്ധചെലവുകൾക്കായി മാത്രം 90% ചെലവ് | 3-9 |
| 14 | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ശാരീരിക മാനസിക പരിരക്ഷ | 3-10 |
| 15 | ആരോഗ്യകൗമാരം | 3-11 |
| 16 | ടി.എം.പി.എൽ.പി.എസ്സ് - മോഡൽ സ്കൂൾ പ്രോജക്ട്. | 3-12 |
| 17 | മത്സ്യതൊഴിലാളികൾക്ക് വല – സബ്സിഡി അധികം നല്കി | 3-13 |
| 18 | വെള്ളക്കരം കുടിശ്ശിക അടവാക്കൽ – വികസന പദ്ധതികൾ വഴിമുട്ടുന്നു. | 3-14 |
| 19 | ആയുർവ്വേദാശുപത്രിയ്ക്ക് ഓ.പി ടിക്കറ്റ് അച്ചടിച്ചത് സംബന്ധിച്ച്. | 3-15 |
| 20 | മഹാത്മഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -അവലോകനം | 3-16 |
| | ഭാഗം 4 | |
| 21 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.15 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 278571122 | 276906300 |
| വാർഷിക കണക്ക് പ്രകാരം | 104066434 | 86085059 |

2015-16 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 174504688/-രൂപയുടേയും ചെലവിൽ 190821241/-രൂപയുടേയും വ്യത്യാസം കാണുന്നു.

ദീർഘ വീക്ഷണത്തോടുകൂടി ബജറ്റ് തയ്യാറാക്കാത്തതിന്റെ പ്രതിഫലനമാണിത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 31.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 48106688 |
| വരവ് | 55959746 |
| ആകെ | 104066434 |
| ചെലവ് | 86085059 |
| നീക്കിയിരിപ്പ് | 17981375 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് | ടി.സി. ചെയ്ത് ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2+3+5) | ചെലവ് | ടി.സി. ചെയ്ത് നൽകിയ തുക | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം | 10728167 | 9416960 | 21098870 | 2863404 | 23008531 | 23008531 | 0 | 0 | 0 |
| എസ്.സി.പി. | 1477424 | 0 | 4119406 | 2227710 | 3705134 | 2798728 | 906406 | 0 | 0 |
| ടി.എസ്.പി. | 247751 | 0 | 547751 | 60477 | 308228 | 121477 | 186751 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 538594 | 814987 | 3665000 | 2444322 | 3797903 | 3797903 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 2181505 | 0 | 5214000 | 1262624 | 3444129 | 2629142 | 814987 | 0 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8555401 | 0 | 13393899 | 11702407 | 20257808 | 12391175 | 5381633 | 2485000 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 5652176 | 0 | 2942170 | 2570181 | 8222357 | 5280187 | 2942170 | 0 | 0 |
| എ.എൻ.ആർ. ഇ. ജി.എസ്. | 727723 | 0 | 0 | 1565133 | 2292856 | 2177067 | 0 | 0 | 115789 |
| ബി ഫണ്ട് | 0 | 0 | 0 | 1850640 | 1850640 | 1850640 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 247 | 97966523 | 144 | 58065856 | 38 | 65 | 58.29 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.71 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7234677 | 6411456 | (-) 823221 | (-)11.38 |
| നികുതിയേതര വരവുകൾ | 761713 | 694056 | (-) 67657 | (-)8.88 |
| മറ്റ് വരവുകൾ | 281395 | 451184 | (+) 169789 | 60.34 |
| ആകെ | 8277785 | 7556696 | (-) 721089 | (-)8.71 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1850640 | 1172 |
| കർഷകതൊഴിലാളി പെൻഷൻ | 2552160 | 378 |
| വിധവാപെൻഷൻ | 12661280 | 1236 |
| വാർദ്ധക്യകാലപെൻഷൻ | 16622700 | 1547 |
| വികലാംഗപെൻഷൻ | 5322950 | 632 |

| | | |
|---|---|---|
| വിവാഹധനസഹായം | 720000 | 24 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2208920 | 244 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22496/- രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ , അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ പ്രവർത്തനക്ഷമമായിട്ടില്ല.) തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/11/2016 | 10/16,11/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.4.2013 – 15.4.2013 | 2008-09 മുതൽ 12-13 | 29.6.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

അബാഡ് ടർട്ടൈൽ ബീച്ച് റിസോർട്ടിലെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ.

| പേര്,ഉദ്യോഗപ്പേര് | അർദ്ധ വർഷം | ആകെ വരുമാനം | അടച്ചത് | അടയ്ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| കെ.എ.ബാലൻ, | ഒന്ന് | 127621 | 1000 | 1250 | 250 |
| രതീഷ്. ആർ. അക്കൗണ്ടന്റ് | ഒന്ന് | 126823 | 1000 | 1250 | 250 |
| ശിവശങ്കരൻ പിള്ള<br>ഗാർഡനർ | ഒന്ന് | 101801 | 750 | 1000 | 250 |
| അശ്വിൻ അരവിന്ദ് | ഒന്ന് | 46504 | 300 | 450 | 150 |
| സജീഷ്.പി.പി. ഹൗസ് കീപ്പർ | രണ്ട് | 125643 | 1000 | 1250 | 250 |
| ഷിജോ ജോസഫ്, | രണ്ട് | 100435 | 750 | 1000 | 250 |
| രാധാകൃഷ്ണൻ, ടെക്നീഷ്യൻ | രണ്ട് | 75836 | 600 | 750 | 150 |

| | | | | | |
|---|---|---|---|---|---|
| അരുൺ എൻ, സ്റ്റീവാർഡ് | രണ്ട് | 46236 | 300 | 450 | 150 |
| ജോസ് കുട്ടി മാത്യു, സ്റ്റീവാർഡ് | രണ്ട് | 46474 | 300 | 450 | 150 |
| | | | | ആകെ | 1850 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം: 4/13.12.16 ന് മറുപടിയും ലഭ്യമാക്കിയിട്ടില്ല. തുക ഉത്തരവാദികളിൽ നിന്നും തിര്യെ ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം: 6/14.12.16ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

1. എസ്സ്.ബി.ടി, പാതിരാപ്പള്ളി
2. മുത്തൂറ്റ് ഫിൻ കോർപ്പ്
3. പി.എസ്സ്.എൻ ഓട്ടോമൊബൈൽസ്.
4. ഇ.വി.എം ഓട്ടോമൊബൈൽസ്.
5. ജില്ലാ സഹകരണ ബാങ്ക്, കലവൂർ
6. കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്
7. പാം ഫൈബേഴ്സ്
8. ടി.വി.എസ്സ്
9. എൻ.സി. ജോൺ കമ്പനി
10. ഓർമ്മ മാർബിൾസ്
11. അബാഡ് ടർട്ടൈൽ ബീച്ച് റിസോർട്ട്
12. ക്ലാസിക് കയർ ഫാക്ടറി, വളവനാട്
13. കാംലോട്ട് ഹോട്ടൽസ്
14. കൊശമറ്റം ഫൈനാൻസിയേഴ്സ്.
15. ശ്രീ ഭഗവതി ട്രേഡേഴ്സ്
16. ഹൈ പോയൻ്റ് ഫ്യൂവൽസ്,പാതിരാപ്പള്ളി
17. ഉത്തമൻ പെട്രോളിയം.

## 2-3 പഞ്ചായത്തിൻ്റെ തനത് ഫണ്ടിന് പലിശ ലഭിക്കാത്തത് സംബന്ധിച്ച്.

മാരാരിക്കുളം തെക്ക് പഞ്ചായത്തിൻ്റെ തനത് ഫണ്ട് അക്കൗണ്ട് ഇടപാടുകൾ കാട്ടൂർ സർവ്വീസ് സഹകരണ ബാങ്കിലും, ജില്ലാ സഹകരണ ബാങ്കിൻ്റെ കലവൂർ ശാഖയിലുമായാണ് നടത്തി വരുന്നത്. തനത് ഫണ്ട് അക്കൗണ്ട് പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിക്ഷേപ പലിശയിനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിച്ചതായി പാസ്സ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല. റിസർവ് ബാങ്ക് നിർദ്ദേശ പ്രകാരം പൊതു സ്വകാര്യ മേഖലയിലെ എല്ലാ ബാങ്കുകളും എസ്സ് ബി അക്കൗണ്ട് നിക്ഷേപങ്ങൾക്ക് 4% നിരക്കിൽ പലിശ നൽകി വരുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/ 09-12-2016) കാട്ടൂർ സർവ്വീസ്

സഹകരണ ബാങ്കിലുള്ള നിക്ഷേപത്തിന് വർഷാന്ത്യത്തിൽ പലിശ ലഭിക്കുന്നുണ്ടെന്നും, അത് തെളിയിക്കുന്നതിനായി ടി ബാങ്കിന്റെ പത്രികയും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാ സഹകരണ ബാങ്കിലെ നിക്ഷേപത്തിന് നിലവിൽ പലിശ ഒന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ലയെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ജില്ലാ സഹകരണ ബാങ്ക് അധികൃതരെ രേഖാമൂലം ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പലിശ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കന്നുകുട്ടി പരിപാലന പദ്ധതി-ശേഷിച്ച തുകയുടെ തിരിച്ചടവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2012-13 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതി 2013 സെപ്തംബർ മാസം ആരംഭിച്ച് 2015 മെയ് മാസത്തിലാണ് അവസാനിച്ചത്. പദ്ധതിയിൽ 48 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും വികസനഫണ്ട് 6250/- രൂപ ക്രമത്തിൽ 3,00,000/- രൂപ പിൻവലിച്ച് കാഫ് ഫീഡ് അസി.ഡയറക്ടർക്ക് 25.03.2013ലെ ഡി.ഡി നം-710442 പ്രകാരം നല്കുകയും ചെയ്തിരുന്നു. 2013 സെപ്തംബർ മാസം ആരംഭിച്ച പദ്ധതിയിൽ പാതിരപ്പള്ളി, കാട്ടൂർ സൊസൈറ്റികൾ മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയത്. പദ്ധതിയുടെ വിനിയോഗവിവരങ്ങൾ, സൊസൈറ്റികളുടെ വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 48 ഗുണഭോക്താക്കൾക്കായി ആരംഭിച്ച പദ്ധതിയിൽ ഗുണഭോക്താക്കളിൽ ചിലർ ഏതാനും മാസങ്ങളിൽ മാത്രം ആനുകൂല്യം കൈപ്പറ്റി പദ്ധതിയിൽ നിന്നും പിൻവാങ്ങിയതായും ഏതാനും ഗുണഭോക്താക്കൾ ചില മാസങ്ങളിൽ ആനുകൂല്യം കൈപ്പറ്റാതെയുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി 2015 മെയ് മാസം അവസാനിച്ചപ്പോൾ 42 ഗുണഭോക്താക്കളാണ് അവശേഷിച്ചിരുന്നത്. ഈ പദ്ധതിക്ക് അനുവദിച്ച 3,00,000/- രൂപയിൽ 51,170/- രൂപ ഫണ്ടിൽ ബാക്കി നിൽക്കുന്നതായി കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ 2015 മെയ് മാസം പൂർത്തിയായ പദ്ധതിയിലെ ബാക്കി തുക നാളിതുവരെ തിരിക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തിയതായി രേഖകളില്ല. തുക ഒടുക്കിയിട്ടില്ലെങ്കിൽ തിരികെ ഫണ്ടിൽ അടച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 3-2 പകർച്ചവ്യാധി പ്രതിരോധം ചെലവുരേഖകൾ ലഭ്യമാക്കിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ വാർഡ്തല സാനിട്ടേഷൻ സമിതി മുഖാന്തിരം പകർച്ചവ്യാധി പ്രതിരോധം എന്ന പദ്ധതിയിൽ (പ്രോജക്ട് നം- എസ് 0049/16) ഒരു വാർഡിൽ 20,000/- രൂപ വീതം 23 വാർഡുകളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി 4,60,000/- രൂപ ട്രഷറി ബിൽ നം - 06/15-16 പ്രകാരം 25.07.15ൽ പിൻവലിച്ച് വാർഡ് തല സാനിട്ടേഷൻ സമിതിക്ക് ബാങ്ക് അക്കൗണ്ട് മുഖാന്തിരം SBT പാതിരപ്പള്ളി ശാഖയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഈ തുകയുടെ ചെലവുവിവരങ്ങൾ, വൗച്ചറുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 460,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-3 പദ്ധതിയനുസരിച്ചല്ലാതെ നിർവ്വഹണം നടത്തിയതിലൂടെ അധികച്ചെലവ്

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണ ഉദ്യോഗസ്ഥയായി 2015-16 ൽ നടപ്പിലാക്കിയ പ്രതിരോധ മരുന്ന് വാങ്ങൽ പദ്ധതിക്കായി ട്രഷറി ബിൽ നം 02/2015-16 പ്രകാരം 1,00,000/- രൂപ (2.07.15), ബിൽ നം. 05/2015-16 , 06/2015-16 എന്നിവ പ്രകാരം യഥാക്രമം 29962/- (20/07/15), 20000/- രൂപ (29.09.15) എന്നിങ്ങനെ ആകെ 149962/- രൂപ മെഡിക്കൽ ഓഫീസർ പിൻവലിച്ചിട്ടുണ്ട്. അംഗീകാരം

ലഭിച്ച പദ്ധതി പ്രകാരം അപരാജിതധൂമചൂർണ്ണം (1,00,000/- രൂപ), മരുന്നുകഞ്ഞി കിറ്റ് (1000 എണ്ണം @ Rs.50/-) എന്നിവ വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പദ്ധതി പ്രകാരമുള്ള മരുന്നുകഞ്ഞി കിറ്റ് നൽകുന്നതിന് പകരം മരുന്നുകഞ്ഞി തയ്യാറാക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്. മരുന്നുകഞ്ഞി കിറ്റിനുള്ള മരുന്നുകൾ പൂജ സ്റ്റോഴ്സ്, മണ്ണഞ്ചേരി 29,962/- രൂപക്ക് ലഭ്യമാക്കിയിരുന്നു. ഇത് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകാതെ ഇത് ഉപയോഗിച്ച് മരുന്ന് കഞ്ഞി തയ്യാറാക്കി നൽകിയപ്പോൾ വിറക് വില (Rs.7,000), പന്തൽ & പാത്രവാടക (Rs.7,000), കഞ്ഞി തയ്യാറാക്കിയതിനുള്ള കൂലി (Rs. 6,000) ഇനങ്ങളിലായി 20,000/- രൂപ അധികം ചെലവഴിക്കുന്നതിനിടയായിട്ടുണ്ട്. അപരാജിതധൂമചൂർണ്ണം വാങ്ങിയതല്ലാതെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങളില്ല. അംഗീകാരം ലഭിച്ച പദ്ധതിക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിലൂടെ അധികം ചെലവഴിക്കാനിടയായ 20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-4 ആസ്മ ക്ലിനിക് - ചെലവുരേഖകൾ ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

ബിൽ നമ്പർ – 03/15-16, 19.06.2015, 104148/- രൂപ

ബിൽ നമ്പർ – 08/15-16, 13.08.2015, 54315/- രൂപ

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ ആസ്മ ക്ലിനിക് (പ്രോജക്ട് നം – എസ്'0047/16) പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 1,58,463/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ പ്രോജക്ട്, അനുബന്ധ വിവരങ്ങൾ, ചെലവുരേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 1,58,463/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മരുന്നിന് അധിക നിരക്ക് നൽകിയത് മൂലം അധികച്ചെലവ്

2015-16സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ ആയുർരേഖ നാലാം ഘട്ടം (പ്രോജക്ട് നം-എസ് 0046/16) പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 1,46,716/- രൂപ ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 69,716/- രൂപ മരുന്നുകളുടെ വിലയും 77,000/- രൂപ ആശ വർക്കർമാർക്ക് 1000/- രൂപ നിരക്കിൽ നൽകിയ ഇൻസെന്റീവുമാണ്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം (ജി.ഒ (എം.എസ്)നം. 362/2013/LSGD dtd 16.11.2013) ആരോഗ്യസ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങുന്ന പദ്ധതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. മാർഗ്ഗരേഖയനുസരിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുവാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കുവാനോ പാടില്ല . എന്നാൽ മെഡിക്കൽ ഓഫീസർ 2015-16 ൽ നടപ്പിലാക്കിയ ഈ പദ്ധതിക്കായി നടത്തിയ മരുന്ന് വാങ്ങലുകളിലൊന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അതുപോലെ ക്വട്ടേഷൻ ക്ഷണിക്കാതെ, സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാതെ, മെഡി ഹൗസ് എന്ന സ്വകാര്യമെഡിക്കൽ സ്റ്റോറിൽ നിന്നാണ് ട്രഷറി ബിൽ 07/15-16 പ്രകാരമുള്ള 51,696/- രൂപയുടെ മരുന്ന് വാങ്ങിയത്. ഇതിൽ 35,750/- രൂപയും രക്തസമ്മർദ്ദത്തിനുള്ള അംലോഡിപ്പൈൻ 5 mg എന്ന മരുന്നിനായാണ് ചെലവഴിച്ചിട്ടുള്ളത്. 6500/- അംലോഡിപ്പൈൻ 5 mg ഗുളികകൾ 35750/- രൂപക്കാണ് (ഒന്നിന് 5.50 രൂപ) നിരക്കിലാണ് ഈ സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. ഇതേ പദ്ധതിയിൽ ഇതേ ഗുളിക കെ.എസ്.ഡി.പിയിൽ നിന്നും 100000 ഗുളികകൾ 18,020/- രൂപക്കാണ് (ഒന്നിന് 0.18 രൂപ) നിരക്കിലാണ് നൽകിയിട്ടുള്ളത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ക്വട്ടേഷൻ ക്ഷണിക്കാതെയും സർക്കാർ സ്ഥാപനങ്ങളിൽ നിന്നല്ലാതെയും 30 ഇരട്ടിയിലധികം വില നൽകി സ്വകാര്യമെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങിയത് അംഗീകരിക്കുന്നില്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയും ക്വട്ടേഷൻ ക്ഷണിക്കാതെയും സ്വകാര്യസ്ഥാപനത്തിൽ നിന്നും ഉയർന്ന വിലക്ക് മരുന്ന് വാങ്ങാൻ ചെലവഴിച്ച 51,696/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ മതിയായ വിശദീകരണം നൽകേണ്ടതാണ്. അല്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 3-6 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുവാങ്ങൽ നടത്തി

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ ആരോഗ്യമേഖലയിലെ മരുന്നുവാങ്ങൽ പദ്ധതികൾക്കായി (ജനറൽ, പട്ടികജാതി) വികസനഫണ്ടിൽ നിന്നും 6,61,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം (ജി.ഒ (എം.എസ്) നം. 362/2013/LSGD dtd 16.11.2013) ആരോഗ്യസ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങുന്ന പദ്ധതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. മാർഗ്ഗരേഖയനുസരിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുവാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കുവാനോ പാടില്ല. എന്നാൽ മെഡിക്കൽ ഓഫീസർ 2015-16 ൽ നടപ്പിലാക്കിയ മരുന്ന് വാങ്ങലുകളിലൊന്നും അംഗീകാരം ലഭിച്ച പദ്ധതി പ്രകാരമുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയുർവേദ ആശുപത്രിക്കായി 5,61,000/- രൂപയുടെ മരുന്നു വാങ്ങിയ പദ്ധതിയിൽ (പ്രോജക്ട് നം-76/14 & 77/16 ) ഔഷധിയിൽ നിന്നും ലഭ്യമായ പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.ആയുർവേദ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല. പ്രോജക്ട് നം-77/15-16 പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തിയ വൃദ്ധജനങ്ങൾക്ക് മരുന്ന് പദ്ധതിയുടെ വിതരണരേഖകളും നൽകിയിട്ടില്ല. ഹോമിയോ ആശുപത്രിക്ക് 1,00,000/- രൂപയുടെ മരുന്നുവാങ്ങിയപ്പോഴും (പ്രോജക്ട് നം- 78/16) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയാണ് വാങ്ങിയത്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം പദ്ധതിപ്പണം ചെലവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ഇ-മാരാരി -കമ്പ്യൂട്ടർ സാക്ഷരത -അപാകതകൾ

പ്രോജക്ട് നമ്പർ – S00147/16

ഇ-മാരാരി – കമ്പ്യൂട്ടർ സാക്ഷരത പദ്ധതിയിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും കമ്പ്യൂട്ടർ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ പി.എൻ.പണിക്കർ ഫൗണ്ടേഷൻ ഫണ്ട് – 3,00,000/-, വികസനഫണ്ട് – 2,00,000/-, തനത്ഫണ്ട് – 1,00.000/- രൂപയും വകയിരുത്തി വിവിധ വായനശാലകളുമായി സഹകരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ച പദ്ധതി ആയിരുന്നു ഇത്. പി.എൻ. പണിക്കർ ഫൗണ്ടേഷൻ ഫണ്ട് 1,00,000/- രൂപ മാത്രമേ 4.3.15 ൽ ലഭ്യമായിട്ടുള്ളൂ.

കമ്പ്യൂട്ടർ പരിശീലിപ്പിക്കാൻ ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുത്ത് കമ്മറ്റി അംഗീകാരം വാങ്ങുക, പരിശീലനത്തി നാവശ്യമായ കമ്പ്യൂട്ടറുകൾ കണ്ടെത്തുക എന്നീ വ്യവസ്ഥകളോടെ തെരഞ്ഞെടുത്ത വായനശാലകളുമായി കരാർ ഒപ്പുവച്ചിരുന്നെങ്കിലും പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടറുകൾ ലഭ്യമാകാത്തതിനാൽ 1,92,000/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും 24 ടാബ്ലറ്റുകൾ വാങ്ങി ഇൻസ്ട്രക്ടർമാർക്ക് നല്കി. ഇവയ്ക്ക് സിംകാർഡുകൾ, നെറ്റ് കണക്ഷൻ കൂടാതെ പരിശീലകർക്കുള്ള ഓണറേറിയം എന്നിവ ഉൾപ്പെടെ ഈ പദ്ധതിക്കായി ആകെ 2,29,396/- രൂപ 2015-16 ൽ ചെലവഴിച്ചിട്ടുണ്ട്.

12- ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.10 പ്രകാരം വികസനഫണ്ട് ചെലവഴിച്ച് കമ്പ്യൂട്ടർ പരിശീലനത്തിനായി പദ്ധതി ഏറ്റെടുക്കാൻ പാടുള്ളതല്ല. പരിശീലനത്തിന് വാങ്ങിയ 24 ടാബ്ലറ്റുകളിൽ 22 എണ്ണം മാത്രമേ പഞ്ചായത്തിൽ തിരിച്ചെത്തിയിട്ടുള്ളൂ എന്ന് ഭൗതികപരിശോധനയിൽ വ്യക്തമായി. ഇതിൽ 5 എണ്ണം പ്രവർത്തനരഹിതമാണ്. തിരിച്ചെത്തിയ ഉപകരണങ്ങൾ തുടർന്ന് എങ്ങനെ

ഉപയോഗപ്പെടുത്തണ മെന്ന് തീരുമാനിക്കാതെ ഉപേക്ഷിക്കപ്പെട്ടതിനാൽ ഇവ പ്രവർത്തനരഹിതമാകുകയാണ്.

പദ്ധതി പ്രകാരം ഓരോ ഘട്ടത്തിലും പ്രായോഗിക പരീക്ഷ, വിജയിക്കുന്നവർക്ക് പഞ്ചായത്തിൽ നിന്നും സർട്ടിഫിക്കറ്റ് നല്കൽ എന്നിവ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇവയൊന്നും നടപ്പാക്കിയിട്ടില്ല. പദ്ധതി പ്രകാരം ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. സബ്സിഡി മാർഗ്ഗരേഖ വ്യതിചലിച്ച് വികസനഫണ്ട് 1,52,330/- (ബിൽ നം.7/15-16, തീയതി.18.8.15) ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-8 അറിവിടം -- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ചെലവ് വിവരം –

42,000/- ബിൽ നമ്പർ – 10/15-16, തീയതി. 22.09.2015

42,000/- ബിൽ നമ്പർ – 43/15-16, തീയതി. 31.03.2016

അറിവിടം – ലൈബ്രേറിയൻമാർക്ക് ഓണറേറിയം നല്കൽ പദ്ധതിയിൽ വിവിധ വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത 7 വനിതാ ലൈബ്രേറിയൻമാർക്ക് വിവിധ ലൈബ്രറികളിൽ നിന്നും വീടുകളിൽ പുസ്തകവിതരണം നടത്തിയതിന് 6 മാസത്തെ ഓണറേറിയം 84000/- രൂപ 2015-16 ൽ നല്കിയിട്ടുണ്ട്. (@2000*7*6) ഇവർ വീടുകളിൽ നല്കുന്ന പുസ്തകങ്ങൾ എല്ലാം തിരികെ ലൈബ്രറികളിൽ എത്തിച്ച് രേഖപ്പെടുത്തൽ വരുത്തുകയും ഇത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നതിന്റെ വിവരം ലഭ്യമാക്കിയില്ല. വികസനഫണ്ടിൽ നിന്നും തുടർച്ചയായി ഓണറേറിയം നല്കാൻ വ്യവസ്ഥ ഇല്ലാത്തതിനാൽ ഈ പദ്ധതി നിലവിൽ തുടരുന്നില്ല എന്ന് കാണുന്നു. 2014-15 ൽ ഈ പദ്ധതി ആരംഭിച്ചപ്പോൾ ആദ്യത്തെ 6 മാസം പഞ്ചായത്തിൽ നിന്നും പിന്നീട് അതാത് ലൈബ്രറികൾ ലൈബ്രേറിയൻമാർക്ക് ഓണറേറിയം നല്കണമെന്നുമായിരുന്നു വ്യവസ്ഥ. എന്നാൽ ഇത് പാലിക്കാതെ പഞ്ചായത്തിൽ നിന്നും വർഷത്തിൽ 6 മാസത്തെ ഓണറേറിയം നല്കി വരുന്നു.

ലൈബ്രറികളുടെ സമ്മതപത്രമില്ലാതെ വ്യവസ്ഥകൾ തയ്യാറാക്കിയതിനാലും ഓണറേറിയം നല്കുന്നതിനുള്ള ഫണ്ട് ലൈബ്രറികൾക്ക് കണ്ടെത്തുക എന്നതും പ്രായോഗികമല്ലാത്തതിനാൽ ദീർഘവീക്ഷണമില്ലാതെ നടപ്പാക്കിയ ഈ പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്ന അവസ്ഥയാണ്. വീടുകളിൽ വിതരണം ചെയ്തിരിക്കുന്ന പുസ്തകങ്ങൾ എല്ലാം തിരിച്ച് സ്റ്റോക്കിൽ എത്താത്ത സാഹചര്യവും 2014-15 ൽ പുസ്തക വിതരണത്തിനായി ലൈബ്രേറിയൻമാർക്ക് സൈക്കിൾ നല്കിയതിന് 37,000/- രൂപ ചെലവഴിച്ചതും ഓർമ്മപ്പെടുത്തുന്നതോടൊപ്പം ഇവ പാഴാകാതെ ഉചിത നടപടി സ്വീകരിച്ച് പദ്ധതി തുടരുകയോ അല്ലാത്തപക്ഷം ആസ്തികൾ നഷ്ടപ്പെടാതെ പ്രവർത്തനയോഗ്യമാക്കാനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്

## 3-9 കാൻസർ നിർണ്ണയ പരിപാടി- അനുബന്ധചെലവുകൾക്കായി മാത്രം 90% ചെലവ്

കാൻസർ നിർണ്ണയ പരിപാടി (പ്രോജക്ട് നം – S0051/16)

പ്ലാൻ (ജനറൽ ) – 78,111/- രൂപ

ബിൽ നമ്പർ – 18/15-16, 25.02.2016, 28,900/-

ബിൽ നമ്പർ – 20/15-16, 31.03.2016, 49211/-

രോഗനിർണ്ണയം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ പ്രധാനമായും ആരോഗ്യവകുപ്പ് മുഖാന്തിരം സർക്കാർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഇവയെല്ലാം തന്നെ വിവിധ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാകുമെന്നിരിക്കെ ക്യാമ്പ് നടത്തി അനുബന്ധ കാര്യങ്ങൾക്കായി വലിയ തുക ചെലവഴിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമല്ല. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ (എം.എസ്)നം. 229/2012/LSGD dtd 25.08.2012, ജി.ഒ (എം.എസ്)നം. 362/2013/LSGD dtd 16.11.2013) 7.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ക്യാമ്പുകൾ, സെമിനാറുകൾ, മറ്റു പരിപാടികൾ എന്നിവ വാർഷിക പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകൾ

വിദൂര പ്രദേശത്തെ പട്ടികവർഗ്ഗസങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ നടത്തിയ ക്യാൻസർരോഗ പരിശോധന ക്യാമ്പിൽ പദ്ധതിയുടെ യഥാർത്ഥ ഭൗതിക ലക്ഷ്യമായ കാൻസർ നിർണ്ണയത്തിനായി ചെലവഴിച്ചതിലും വളരെയധികം തുകയാണ് പങ്കെടുത്തവർക്ക് ഉച്ചഭക്ഷണം, മിനറൽ വാട്ടർ, ചായയും ലഘുഭക്ഷണവും, പന്തൽ, ബാനർ, ക്ലീനിംഗ്, ഇരിപ്പിട സൗകര്യം, നോട്ടീസ്, ഫ്ലക്സ്, സ്റ്റേഷനറി എന്നിങ്ങനെ വിവിധ അനുബന്ധ ചെലവുകൾക്ക് നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ ആകെ ചെലവഴിച്ച 78,111/- രൂപയിൽ 71,087/- രൂപയും (91%) അനുബന്ധച്ചെലവിനത്തിലാണ്.

പ്രധാന അനുബന്ധ ചെലവുവിവരങ്ങൾ

ആശപ്രവർത്തകർക്ക് ഇൻസെന്റീവ് – 23000/-
ഭക്ഷണം – 10,600
പ്രിന്റിംഗ്& സ്റ്റേഷനറി – 19,587/-
ബാനർ – 5900/-
ഇരിപ്പിടം, ക്ലീനിംഗ് etc – 10,000/-
വോളന്റീയർ പരിശീലനം – 2000/-

7024/- രൂപ മാത്രമാണ് ക്യാമ്പ് രജിസ്ട്രേഷൻ, പരിശോധന, രോഗനിർണ്ണയം, ഡോക്ടർമാരുടെ പ്രതിഫലം, ഇനങ്ങളിൽ ചെലവുള്ളത്. ഈ പദ്ധതികളിലെല്ലാം ക്യാമ്പ് നടത്തി തുക ചെലവഴിക്കുന്നതല്ലാതെ പദ്ധതി നടത്തിപ്പ് മോണിറ്ററിംഗിന് വിധേയമാക്കുന്നതിനോ പരിശോധന ഫലങ്ങൾ യഥാസമയം ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചതായോ രേഖകളൊന്നുമില്ല. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുള്ള ഇത്തരം പദ്ധതികൾ പദ്ധതിപ്പണം ചെലവഴിക്കപ്പെടുന്നതോടെ അവസാനിപ്പിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടത് പദ്ധതിയുടെ ഉദ്ദേശ്യങ്ങൾക്ക് അനിവാര്യമാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ്.

## 3-10 <u>പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ശാരീരിക മാനസിക പരിരക്ഷ</u>

പ്രോജക്റ്റ് നം. – S0082/16

നിർവ്വഹണം – ഹെഡ്മിസ്ട്രസ്സ്, എസ്സ്.സി.എം.വി. ജി.യു.പി.എസ്സ്.

അടങ്കൽ – 11,18,000/-

ചെലവ് – 6,05,000/- (വികസന ഫണ്ട് – സി.എഫ്.സി)

1. ബിൽ നമ്പർ - 50,000/-, 02/15-16, 17.04.2015
2. - 90,000/-, 05/15-16, 27.07.2015
3. - 40,000/-, 06/15-16, 24.08.2015
4. - 65,000/- 08/15-16, 03.10.2015
5. - 60,000/-, 21/15-16, 19.01.2016
6. - 1,10,000/-, 22/15-16, 19.01.2016
7. - 1,20,000/-, 25/15-16, 18.02.2016
8. - 60,000/-, 27/15-16, 29.03.2016
9. - 60,000/-, 32/15-16, 29.03.2016

ഹെഡ്മിസ്ട്രസ്സ്, എസ്സ്.സി.എം.വി. ജി.യു.പി.എസ്സ് നടപ്പിലാക്കിയ ഈ പദ്ധതി സംബന്ധിച്ച് ഹാജരാക്കിയ ഫയലിൽ പ്രോജക്റ്റിനെ സംബന്ധിച്ച യാതൊരു വിവരങ്ങളും ലഭ്യമല്ല. ആകെയുള്ളത് ടീച്ചർമാരെ നിയമിക്കുവാൻ തയ്യാറാക്കിയ ലിസ്റ്റ്, അവർ ഹോണറേറിയം കൈപ്പറ്റിയ രസീതുകൾ, ടീച്ചർമാരുടെ ഹാജർനില സംബന്ധിക്കുന്ന രേഖകൾ എന്നിവ മാത്രമാണ്. 6,05,000/- രൂപ ചെലവായതായി രേഖകളിൽ പറയുന്നുണ്ടെങ്കിലും ടീച്ചർമാർക്ക് ഹോണറേറിയം നൽകിയതുമായി ബന്ധപ്പെട്ട 3,75,000/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയ്ക്കായി ട്രഷറി ബിൽ ബുക്ക് പ്രകാരം

6,55,000/- രൂപ പിൻവലിച്ചിട്ടുണ്ട്. ഈ തുക എന്തിന് പിൻവലിച്ചുവെന്നോ, എന്തിന് വേണ്ടി ചെലവഴിച്ചുവെന്നോ, ആർക്കൊക്കെ നൽകിയെന്നോ ഉള്ള യാതൊരു വിവരങ്ങളും ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം: 14/15.12.16 ന് മറുപടിയും ഹാജരാക്കിയിട്ടില്ല. ചെലവ് തുക 6,55,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 ആരോഗ്യകൗമാരം

പ്രോജക്റ്റ് നം. – എസ്സ്ഓ 173/16

നിർവ്വഹണം – ഹെഡ്മിസ്ട്രസ്സ്. എസ്സ്.സി.എം.വി. ജി.യു.പി.എസ്സ്.

അടങ്കൽ – 1,55,000/-

ചെലവ് – 1,55,000/-

ബിൽ നമ്പർ – 03/15-16, തീയതി. 13.04.2015

സ്പിൽഓവറായി നടപ്പിലാക്കിയ ഈ പദ്ധതിയെ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 03/15-16 ബിൽ പ്രകാരം 1,55,000/- രൂ. പിൻവലിച്ചിട്ടുണ്ട്. അതിൽ നിന്നും വോളിബോളിനുള്ള സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുവാൻ ആലുവയിലുള്ള ടോൾ ബോയ് സ്പോർട്സിന് 79,440/- രൂപയും, മാത്യു.വി.ജെ. എന്നൊരാൾക്ക് 63560/- രൂപയും, വോളിബോൾ ട്രെയിനിംഗ് നൽകിയതിനായി ഹോണറേറിയം ഇനത്തിൽ മൂന്ന് പേർക്ക് 4000/- രൂ വീതം 12000/- രൂപയും നൽകിയിട്ടുണ്ട്. അങ്ങനെ 1,55,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യകൗമാരം എന്ന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണെന്നോ, അതിന്റെ പ്രയോജനം ആർക്കൊക്കെ ലഭിച്ചുവെന്നോ ഉള്ള യാതൊരു വിവരങ്ങളും ഫയലിൽ നിന്നും ലഭ്യമല്ല. വോളിബോളിനുള്ള സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിൽ നിന്നും, ട്രെയിനേഴ്സിന് ഹോണറേറിയം നൽകിയതിൽ നിന്നും വോളിബോളിനുള്ള ട്രെയിനിംഗിനായി പണം ചെലവഴിച്ചു എന്ന് അനുമാനിക്കാം. കുറച്ച് കുട്ടികളുടെ പേരുകളും ഫയലിൽ കാണുന്നുണ്ട്. അതല്ലാതെ ഈ പദ്ധതി സംബന്ധമായ മറ്റൊരു വിവരങ്ങളും ഫയലിൽ നിന്നും ലഭ്യമല്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം: 19/17.12.16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തന്നെയുമല്ല, ഇത്തരം കാര്യങ്ങൾക്കായി ഒരു സർക്കാർ വകുപ്പും, സംസ്ഥാന സ്പോർട്സ് കൗൺസിലും, ജില്ലാ തലത്തിൽ വോളിബോൾ അസോസിയേഷനുകളും മറ്റും ഉണ്ടെന്നിരിക്കെ, പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി, ഒരു സ്പോർട്സ് ഇനത്തിന് ട്രെയിനിംഗ് നൽകുവാനായി ഒരു പദ്ധതി രൂപീകരിക്കുകയും, അതിനായി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-12 ടി.എം.പി.എൽ.പി.എസ്സ്- മോഡൽ സ്കൂൾ പ്രോജക്റ്റ്.

പ്രോജക്റ്റ് നം. – S0088/16

അടങ്കൽ – 450000/-

ചെലവ് – 450000/-

ബിൽ നം. – 10/15-16, തീയതി. 13.10.2015

ടി.എം.പി.എൽ.പി.എസ്സിൽ അടിസ്ഥാന സൗകര്യ വികസനം, മെച്ചപ്പെട്ട പരിശീലനം, മെച്ചപ്പെട്ട പഠനമുറി, എന്നിവയ്ക്കായി ആകെ 450000/- രൂപയാണ് പദ്ധതിയിൽ വക കൊള്ളിച്ചിരിക്കുന്നത്. എന്നാൽ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്നതിന് വിരുദ്ധമായി പഠനമുറിയ്ക്കായി മാത്രം (smart class room) 3,23,550/- രൂപ ചെലവഴിച്ചതായി കാണുന്നു. ബാക്കി തുക 1,26,450/- രൂപ സി.സി.ടി.വി സർവൈലൻസ് അനുബന്ധ ഉപകരണങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്. തന്നെയുമല്ല സ്മാർട്ട് ക്ലാസ്സിന്റെ ഭാഗമല്ലാത്ത സി.സി.ടി.വി പോലുള്ള ഉപകരണങ്ങൾ ഇത്രയും വലിയ വില നൽകി എൽ.പി വിഭാഗം മാത്രമുള്ള ഒരു സ്കൂളിലേയ്ക്ക്

വാങ്ങിയ നടപടി സാധൂകരിയ്ക്കത്തക്കതല്ല. മാത്രമല്ല, രണ്ട് മാസത്തിലേറേ മദ്ധ്യവേനലവധിയ്ക്കായും മറ്റും അടഞ്ഞു കിടക്കുന്ന ഒരു കെട്ടിടത്തിൽ ഈ ഉപകരണങ്ങളുടെ സുരക്ഷിതത്വവും, അത് ആര് കൈകാര്യം ചെയ്യുന്നു എന്ന കാര്യത്തിലും വ്യക്തതയില്ല. ഇക്കാര്യങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം- 18/16-12-2016ന് മറുപടി നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 3-13 മത്സ്യതൊഴിലാളികൾക്ക് വല — സബ്സിഡി അധികം നല്കി

ചെലവ് വിവരം

ബിൽ നമ്പർ – 2/15-16, 15.03.2016, 68,000/-

– 4/15-16, 31.03.2016, 28000/-

മത്സ്യതൊഴിലാളികൾക്ക് വല (S0018/16) പദ്ധതിയുടെ ഭാഗമായി 24 ഗുണഭോക്താക്കൾക്ക് മത്സ്യഫെഡിന്റെ വ്യാസസ്റ്റോറിൽ നിന്നും വല വാങ്ങിയതിന് 4000/- രൂപ പ്രകാരം ആകെ 96000/- രൂപ സബ്സിഡി നല്കിയിട്ടുണ്ട്.വലയുടെ യഥാർത്ഥ വിലയുടെ 50 % മോ 4000/- രൂപയോ ഏതാണ് കുറവ് അത് സബ്സിഡി നല്കാവുന്നതാണ്. ഗുണഭോക്താക്കൾ 4000 – 5000 രൂപ വരെ വരുന്ന വല നേരിട്ട് വ്യാസസ്റ്റോറിൽ നിന്നും വാങ്ങിയതിന്റെ ബില്ല് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. 100 % സബ്സിഡി നല്കിയതായി കാണുന്നു എന്നറിയിച്ച് എൻക്വയറി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ ബില്ലുകൾ കമ്പ്യൂട്ടർ ജനറേറ്റഡ് ഇൻവോയ്സ് മാത്രമാണ്. അംഗീകൃത ക്യാഷ് ബില്ല് ഹാജരാക്കിയില്ല. ടിൻ നമ്പർ രേഖപ്പെടുത്താത്ത ഇൻവോയ്സ് ക്യാഷ് ബില്ലായി ഹാജരാക്കിയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾ സബ്സിഡി തുകയുടെ വല വാങ്ങി എന്ന് ഉറപ്പ് വരുത്താൻ സാധിച്ചില്ല. ആയതിനാൽ 96,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 വെള്ളക്കരം കുടിശ്ശിക അടവാക്കൽ--വികസന പദ്ധതികൾ വഴിമുട്ടുന്നു.

S0031/16 പദ്ധതി പ്രകാരം വെള്ളക്കരം കുടിശ്ശിക 6,00,000/- രൂപയും (ബിൽ നം. 36/15-16, തീയതി. 28.3.16) തനത്ഫണ്ടിൽ നിന്നും 49,28,517/- രൂപയും 2015-16 ൽ അടവാക്കിയിട്ടുണ്ട്. 1270 ടാപ്പുകളുടെ ചാർജ് പ്രതിമാസം 5,55,625/- രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. 2014-15 ൽ 1234 ടാപ്പുകളുടെ ചാർജാണ് ഈടാക്കിയിരുന്നത്. സംയുക്ത പരിശോധന നാളിതുവരെ നടത്താത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല. 12-ാം പഞ്ചവത്സര പദ്ധതി പ്രകാരവും അതിന് മുൻപും പഞ്ചായത്തിൽ ഗാർഹിക വാട്ടർ കണക്ഷൻ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. എന്നാൽ അതിനനുസരിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറവ് വരുത്തുന്നില്ല എന്നത് പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. അത്യാവശ്യം നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടാണ് ഉപയോഗരഹിതവും ഇല്ലാത്തതുമായ ടാപ്പുകളുടെ പേരിൽ വാട്ടർതോറിറ്റിയിൽ അടയ്ക്കുന്നത്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 ആയുർവ്വേദാശുപത്രിയ്ക്ക് ഓ. പി ടിക്കറ്റ് അച്ചടിച്ചത് സംബന്ധിച്ച്.

ആയുർവ്വേദാശുപത്രിയ്ക്ക് ഓ.പി ടിക്കറ്റ് അച്ചടിച്ചതിന് 2150/- രൂപ വൗച്ചർ നം. 27/15-16 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു. ആശുപത്രി വികസന ഫണ്ടിൽ നിന്നും ചെലവ് നിർവ്വഹിക്കേണ്ട ഇനം പ്രവർത്തിയ്ക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം ചെലവഴിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം: 15/15.12.16 ന് മറുപടിയും ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-16 മഹാത്മഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -അവലോകനം

മാരാരിക്കുളം സൗത്ത് ഗ്രാമ പഞ്ചായത്തിലെ 2015-16 വർഷത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച പരിശോധിച്ചതിൽ പദ്ധതികൾ പ്രധാനമായും നടത്തിയത് കാർഷിക-ജലസംരക്ഷണ അനുബന്ധ മേഖലകളിലാണ്. 509 പദ്ധതികളിലായി 620.26 ലക്ഷം രൂപയാണ് ഈ വർഷം വേതനം നൽകുന്നതിനായി ചെലവഴിച്ചത്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1151 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 7506 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 4717 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4717 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 258995 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 164 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2015-16)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 687 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 687 |
| തൻവർഷം പൂർത്തിയാക്കിയത് | 509 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 178 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | Nil |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 74.90% |

(3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 218 |
| 2 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 195 |
| 3 | ജല സംരക്ഷണം | 86 |
| 4 | വെള്ളപ്പൊക്ക നിയന്ത്രണം | |
| 5 | മരാമത്ത്, ഭവന നിർമ്മാണ പ്രവൃത്തികൾ | 188 |
| | ആകെ | 687 |

പഞ്ചായത്തിന്റെ കാർഷിക അഭിവൃദ്ധി, പരിസ്ഥിതി സംരക്ഷണം, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന നൽകി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. 2015-16 വാർഷിക കണക്കിലെ RP(43) പത്രിക പ്രകാരമുള്ള അരിയർ കളക്ഷൻ തുകകൾ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B(15) തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| 2015-16 വാർഷിക കണക്ക് RP(43) പ്രകാരം ലഭ്യമായ തുക | | 2014-15 വാർഷിക കണക്ക് B(15) പ്രകാരം കിട്ടാനുള്ളത് | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| കെട്ടിട നികുതി (കുടിശ്ശിക) | 1716578 | കെട്ടിട നികുതി | 1204132 |

2. വാർഷിക കണക്കു പ്രകാരം കെട്ടിട നികുതിയിനത്തിൽ തൻവർഷത്തെ ഡിമാൻഡ് 57,43,224/- രൂപയും, കളക്ഷൻ 28,98,738/- രൂപയുമാണ്. ബാലൻസ് 2844486/- രൂപയാണ് കാണേണ്ടത് എന്നിരിക്കെ ബാലൻസ് ഷീറ്റിൽ (B15) തൻവർഷത്തെ ബാലൻസ് കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നത് 17,62,373/- രൂപയാണ്.

3. കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.(ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.)

4. പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൻവർഷത്തെ തൊഴിൽ നികുതി ഇനത്തിലുള്ള ഡിമാൻഡ് തുക 1443551/- രൂപയും, കളക്ഷൻ തുക 1386030/- രൂപയുമാണ്. എന്നാൽ വാർഷിക കണക്കിൽ ടി ഇനത്തിലുള്ള ആകെ ഡിമാൻഡ് തുകയും കളക്ഷൻ തുകയും 1483800/- രൂപയാണ്. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

5. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

6. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.
7. എസ്.എസ്.എ അക്കൗണ്ട് നീക്കിയിരുപ്പ് (12000/-) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. വിവാഹ ധനസഹായമിനത്തിൽ ചെലവ് വന്നിട്ടുള്ള 720000/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ.നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1. | ഷീജ | അംഗൻവാടി നിർമ്മാണം | 221/14.1.16 | 100000 | – | 100000 |
| 2 | ഗിരിജമ്മ | അംഗൻവാടി നിർമ്മാണം | 1/23.4.15 | 100000 | - | 100000 |

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ.(ആർടി) നം. 221/2010<br>ത.സ്വ.ഭ.വ, 21.1.2010 | 21759000 | 6769239 | 1701784 | – | 5067455 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2014-15 (വിഷയാധിഷ്ഠിത അവലോകനം) | 4.1.9 | ഫിഷ് പ്രോസസിംഗ് സെന്റർ പ്രവർത്തനമില്ല | 60.65 ലക്ഷം | നിലവിലും പ്രവർത്തനക്ഷമമല്ല. |
| 2014-15 (വിഷയാധിഷ്ഠിത അവലോകനം) | 4.3.2 | പെൻഷൻ അധികം നൽകിയത് | 5900/- | തുക തിരിച്ചടച്ചിട്ടുണ്ട്. |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 55959746 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 86085059 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1850 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 152330 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1750639 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1850 | | വി.വി.ബോബൻ, സെക്രട്ടറി |
| 3-7 | | 152330 | സി. കെ. ഷിബു, സെക്രട്ടറി |
| ആകെ | 1850 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 460000 | ഡോ.സജിത്കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-3 | 20000 | ഡോ.അനിതകുമാരി എ.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| 3-4 | 158463 | ഡോ.സജിത്കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-5 | 51696 | ഡോ.സജിത്കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-7 | 152330 | വി. വി. ബോബൻ, സെക്രട്ടറി |
| 3-10 | 655000 | ബീമാബീവി, ഹെഡ്മാസ്റ്റർ, എസ്.സി.എം.വി.യു.പി.സ്കൂൾ,പൂങ്കാവ് |
| 3-11 | 155000 | ബീമാബീവി, ഹെഡ്മാസ്റ്റർ, എസ്.സി.എം.വി,യു.പി.സ്കൂൾ,പൂങ്കാവ് |
| 3-13 | 96000 | ലീന ഡെന്നീസ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-15 | 2150 | വി.വി ബോബൻ, സെക്രട്ടറി |
| ആകെ | 1750639 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.വി ബോബൻ | സെക്രട്ടറി,<br>മാരാരിക്കുളം സൗത്ത്<br>ഗ്രാമപഞ്ചായത്ത് | വെളിയിൽ,<br>പാതിരാപ്പള്ളി പി.ഒ |
| ഡോ.സജിത്കുമാർ | RHTC കോട്ടയം | സൗപർണ്ണിക,<br>ഹൗസ് നമ്പർ ബി. 15,<br>ചിത്രാ നഗർ, വട്ടിയൂർകാവ്,<br>തിരുവനന്തപുരം 13 |
| ഡോ.അനിതകുമാരി.എ.കെ | ഹോമിയോ ഡിസ്പെൻസറി,<br>മാരാരിക്കുളം സൗത്ത് | കണിമംഗലം,<br>അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| സജീവ് | ഹെഡ്മാസ്റ്റർ, കളർകോട് | ടെമ്പിൾ വ്യൂ,<br>അവലൂക്കുന്ന് പി.ഒ,ആലപ്പുഴ |
| ബീമാബീവി | ഹെഡ്മാസ്റ്റർ,<br>എസ്.സി.എം.വി.യു.പി സ്കൂൾ, പൂങ്കാവ് | അനുരാഗ്,<br>മണ്ണഞ്ചേരി പി.ഒ, ആലപ്പുഴ |
| ലീന ഡെന്നിസ് | ഫിഷറീസ് ഇൻസ്പെക്ടർ മാരാരിക്കുളം | പുത്തൻവെളിയിൽ,<br>എസ്.എൽ പുരം പി.ഒ,<br>ചേർത്തല |
| ശ്രീ. സി. കെ. ഷിബു | സെക്രട്ടറി | ചിറയിൽ, തത്തംപള്ളി,<br>ആലപ്പുഴ |

4-10. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ എഫ് ജി എ 5- 1832 /11/21.01.12<br>ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1998-99 (ചെലവ്) | |
| 2002-03 (ചെലവ്)<br>2003-04 (ചെലവ്) | |
| 2004-05 (ചെലവ്) | |
| 2005-06 (വരവ്) | |
| 2006-07 | എൽ എഫ് എ പി 9/257/10.08.10 |
| 2007-08 | എൽ എഫ് എ പി 4/73 (എ)/11/26.05.11/13.07.11 |
| 2008-09 | എൽ എഫ് എ പി 4/1002/11/ 03.03.12/06.07.12 |
| 2009-10 | എൽ എഫ് എ പി 4/1003/11/ 03.03.12/06.07.12 |
| 2010-11 | എൽ എഫ് എ പി 4/1070/12/14.11.12 |
| 2011-12, 12-13 | എൽ എഫ് എ പി 8/164/14/23.04.14 |
| 2013-14 | കെ.എസ്.എ എ.പി.ഇസഡ് പി8/1019/15/11.08.15/31.08.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.8-834/16/30.07.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി8-1515/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി. 31.12.2016
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P8-1515/16

Kerala State Audit Department,

District Audit Office,Alappuzha.
Date: 31.12.2016
Ph: 0477 2252753
E-mail : ddhglfalpy@gmail.com

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mararikulam South Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Mararikulam South Gramapanchayat for the year 2015-16 except the observations in part 4-1 of the audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha